# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 396      28-10-2018 - ൽ മറുപടിയ്ക്ക്

### കുപ്പിവെള്ളത്തിന്റെ വില

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ : | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) | |
| (എ) | കുപ്പിവെള്ളത്തിന്റെ വില നിശ്ചയിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതിന് വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 12-10-2018 ലെ സ.ഉ(സാധാ)നം.536/2018/ ഉ.കാ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ അദ്ധ്യക്ഷനായി വിവിധ വകുപ്പുകളെയും ഉൾപ്പെടുത്തി ഒരു സമിതിയെ നിയോഗിക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. പ്രസ്തുത സമിതി 7-11-2018, 1-1-2019 എന്നീ തീയതികളിൽ യോഗം കൂടി ഉപഭോക്തൃ സംഘടനകളിൽ നിന്നും, കുപ്പിവെള്ള നിർമ്മാതാക്കളിൽ നിന്നും അഭിപ്രായങ്ങളും ആക്ഷേപങ്ങളും സ്വീകരിച്ച് വിശദമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കുപ്പിവെള്ളത്തെ അവശ്യ വസ്തുവായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച്, 1955-ലെ കേന്ദ്ര നിയമത്തിൽ ഉൾപ്പെടുന്ന ഒരു വിഷയത്തെ 1986 ലെ, കേരള എസൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ട് പ്രകാരം എസൻഷ്യൽ ആർട്ടിക്കിളായി പ്രഖ്യാപിക്കാൻ സംസ്ഥാന സർക്കാരിന് കഴിയില്ലായെന്നും, നിയമതടസ്സം ഉണ്ടാകാൻ സാധ്യതയുണ്ടെന്നും, ക്രോസ് ചെക്ക് ചെയ്യുന്നതിനായി നിയമ വകുപ്പിനോട് ആവശ്യപ്പെടാവുന്നതാണെന്നും സമിതി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. തുടർന്ന് 1986 ലെ കേരള എസൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ടിന്റെ 3(1), 3(2) എന്നീ വകുപ്പുകൾ പ്രകാരം കുപ്പിവെള്ളത്തിന്റെ ന്യായവിലക്കുള്ള ലഭ്യത ഉറപ്പു വരുത്തുന്നതിനും, അതിന്റെ വ്യാപാരവും, വാണിജ്യവും ക്രമപ്പെടുത്തുന്നതിനു വേണ്ടിയും, അതിന്റെ വില നിയന്ത്രിക്കുന്നതിനു വേണ്ടിയും, ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് നിയമ തടസ്സമില്ലായെന്ന നിയമ വകുപ്പ് |

| | | | |
|---|---|---|---|
| | | | അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കുപ്പിവെള്ളത്തെ 1986 ലെ കേരള എസൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ട് പ്രകാരം അവശ്യ വസ്തുവായി പ്രഖ്യാപിച്ച് 19-7-2019- ൽ SRO No.483/2019 നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | വില നിശ്ചയിക്കുന്നതു സംബന്ധിച്ച് സ്വകാര്യ കുടിവെള്ള കമ്പനികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ; | (സി) | ഉണ്ട്. കുപ്പിവെള്ള നിർമ്മാതാക്കളുമായി സർക്കാർ തലത്തിൽ 10-5-2018 നും, 25-9-2019 നും ചർച്ച നടത്തിയിരുന്നു. 10-5-2018 ലെ യോഗത്തിൽ കുപ്പിവെള്ളത്തെ 1986 ലെ കേരള എസൻഷ്യൽ ആർട്ടിക്കിൾസ് കൺട്രോൾ ആക്ട് പ്രകാരം അവശ്യ വസ്തുവായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനിക്കുകയുണ്ടായി. 25-9-2019 ലെ യോഗത്തിൽ കുപ്പിവെള്ളത്തിന്റെ വില നിശ്ചയിക്കുന്നത് സംബന്ധിച്ച് ഓരോ സംഘടനയ്ക്കും പറയാനുള്ള കാര്യങ്ങൾ നിവേദന രൂപത്തിൽ സർക്കാരിന് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഡി) | വില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് തുടർന്ന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | കുപ്പിവെള്ള വിപണന രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സംഘടനകളുടേയും ഒരു യോഗം വിളിച്ചു ചേർത്ത് ചർച്ച നടത്തിയ ശേഷം വില നിശ്ചയിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ